പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി

29 [1809] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ഏറ്റവും വിനാശകരമായ പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി ഇപ്പോൾ കേന്ദ്രത്തിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതിക്കെതിരെ നിയമസഭ പാസ്സാക്കിയ പ്രമേയത്തിന് കേന്ദ്രത്തിൽ നിന്ന് മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്രത്തിന്റെ നിലപാട് അറിയിക്കാമോ;

(സി) കേരളത്തിന് ദോഷം വരുത്തുന്ന ഈ നദീസംയോജന പദ്ധതി നടപ്പാക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര ജലവിഭവ മന്ത്രാലയവും ദേശീയ ജലവികസന ഏജൻസി (എൻ.ഡബ്ല്യു.ഡി.എ.)-യും കൂടി രൂപം നൽകിയ നദീസംയോജന പദ്ധതിയെ ഹിമാലയൻ കമ്പോണന്റ്സ് എന്നും പെനിൻസുലാർ കമ്പോണന്റ്സ് എന്നും രണ്ടായി വേർതിരിച്ചിട്ടുണ്ട്. ഇതിൽ പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി പെനിൻസുലാർ കമ്പോണന്റ്സ്-ലെ 16-ാം ലിങ്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 5-3-2004-ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന കേന്ദ്ര ജല വികസന ഏജൻസിയുടെ 45-ാമത് ഗവേണിംഗ് ബോഡി മീറ്റിംഗിൽ ഈ പദ്ധതിയ്ക്കെതിരെ കേരള നിയമസഭ പാസ്സാക്കിയ പ്രമേയം പരിഗണിക്കണമെന്ന് യോഗത്തിന്റെ ചെയർമാനായ കേന്ദ്രജലവിഭവ സെക്രട്ടറി അംഗങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 23-3-2004-ൽ നടന്ന ദേശീയ ജലവികസന ഏജൻസിയുടെ 20-ാമത് വാർഷിക ജനറൽ മീറ്റിംഗിൽ പ്രസ്തുത യോഗത്തിന്റെ ചെയർമാനായ കേന്ദ്രജല വിഭവ വകുപ്പ് മന്ത്രി, ഈ പദ്ധതിയോടുള്ള കേരളത്തിന്റെ കാഴ്ചപ്പാട് പരിഗണിക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിക്കെതിരെ കേരളം ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ദേശീയ ജല വികസന ഏജൻസിയുടെ സാങ്കേതിക ഉപദേശക സമിതി മീറ്റിംഗുകളിൽ പങ്കെടുത്ത കേരള പ്രതിനിധികൾ ഈ പദ്ധതി കേരളത്തിന് സ്വീകാര്യമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 26-3-2003-ന്

LIBRARY ARCHIVES Kerala Legislative Assembly

ന്യൂഡൽഹിയിൽ വച്ചു നടന്ന ദേശീയ ജലവികസന ഏജൻസിയുടെ വാർഷിക യോഗത്തിൽ സംബന്ധിച്ച കേരള ജല വിഭവ വകുപ്പുമന്ത്രി, പ്രസ്തുത പദ്ധതിക്ക് കേരളത്തിന് യാതൊരു തരത്തിലും അംഗീകാരം നൽകാൻ കഴിയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ-വൈപ്പാൽ ലിങ്ക് പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2003 ആഗസ്റ്റ് 6-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന അംഗീകരിച്ച പ്രമേയത്തിന്റെ പകർപ്പ് 2003 ആഗസ്റ്റ് 21-ാം തീയതി ജലവിഭവ വകുപ്പ് മന്ത്രിയും കേരളത്തിൽ നിന്നുള്ള പാർലമെന്റ് മെമ്പർമാരും ചേർന്ന് പ്രധാനമന്ത്രിക്കും കേന്ദ്ര ജലവിഭവ മന്ത്രിക്കും കൈമാറുകയും പ്രസ്തുത പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്നും അഭ്യർത്ഥിക്കുകയുമുണ്ടായി.

കൂടാതെ 23-3-2004-ൽ നടന്ന ദേശീയ ജലവികസന ഏജൻസിയുടെ 20-ാമത് വാർഷിക ജനറൽ മീറ്റിംഗിൽ പങ്കെടുത്ത് കേരള ജലവിഭവ വകുപ്പു മന്ത്രി, പമ്പ-അച്ചൻകോവിൽ നദികൾ അന്തർ സംസ്ഥാന നദികൾ അല്ല എന്നും ആയതിനാൽ കേരളത്തിലെ നദികളിലെ ജലം മറ്റൊരു സംസ്ഥാനത്തിലേക്ക് തിരിച്ചുവിടണമെന്ന് പറയാൻ അവകാശമില്ല എന്നും വ്യക്തമാക്കി. പ്രസ്തുത പദ്ധതി ദേശീയ ജല വികസന ഏജൻസിയുടെ അജണ്ടയിൽ നിന്നും പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് ജലവിഭവ മന്ത്രി എൻ.ഡബ്ല്യു.ഡി.എ.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തൃത്താലയിലെ തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

30 [1810] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താലയിലെ തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ ഭാഗികമായി കമ്മീഷൻ ചെയ്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly